Mr. C. J. Mathew *(Joint Secretary to Government):* If the Government feel any necessity for a departure from the present policy, they will do so.

D. C. MEMBERS—ELECTED OR NOMINATED TO THE MUNICIPAL COUNCILS

113. Mrs. Dakshayani Velayudhan *(Nominated):* Will Government be pleased to state.—

How many Depressed Class members are there elected or nominated in the different municipal councils of the State?

Mr. C. J. Mathew *(Joint Secretary to Government):* None.

DEPRESSED CLASSES—OPPRESSION OF

ഫ്ഫർ മിസ്റ്റർ കെ. കെ. കണ്ണൻ.

താഴെപറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും മറുപടി പറയുമോ.—

(എ) ഫ ഫ ഫൻ, ഫ ഫ വ ഠ എന്നീ കൊല്ലങ്ങളിൽ ഈ രാജ്യത്തു എത്ര അധഃകൃത മർദ്ദനകേസ്സുകൾ വീതം ഉണ്ടായിട്ടുണ്ട്;

(ബി) അവയിൽ എത്ര കേസ്സുകളാണ് പൊല്ലീസ്സു ചാജ്ജ് ചെയ്തിട്ടുള്ളത്;

(സി) ഓരോകൊല്ലത്തിലും ചാർജ്ജു ചെയ്ത കേസ്സുകൾ എത്ര;

(ഡി) അവയിൽ പ്രതികൾക്കു ശിക്ഷ കിട്ടീട്ടുള്ളവ ഓരോ കൊല്ലത്തിലും എത്രവീതമാണുള്ളത്;

(ഇ) എത്രയെത്ര കേസ്സുകൾ ഓരോ കൊല്ലവും രാജിയായിട്ടുണ്ട്;

(എഫ്) എത്രയെത്ര കേസ്സുകൾ ഓരോ കൊല്ലവും തള്ളിപ്പോയിട്ടുണ്ട്;

(ജി) എത്ര ചാജ്ജ് കേസ്സുകളാണ് നിലവിലുള്ളത്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ

(എ) ഫ ഫ ഫൻ-ൽ ന ൭ കേസ്സുകളും ഫ ഫ വ ഠ-ൽ ന വ കേസ്സുകളും വീതം ഉണ്ടായിട്ടുണ്ട്.

(ബി) ഫ ഫ ഫൻ-ൽ വ ൪ എണ്ണവും ഫ ഫ വ ഠ-ൽ വ ൭ എണ്ണവും ചാജ്ജ് ചെയ്തിട്ടുണ്ട്.

(സി) ബി-യുടെ ഉത്തരം നോക്കുക.

(ഡി) ഫ ഫ വ ഠ-ൽ മാത്രം ഫ കേസ്സിൽ പ്രതിയെ ശിക്ഷിച്ചിട്ടുണ്ട്.

(ഇ) ഫ ഫ ഫൻ-ൽ വ ൪ എണ്ണവും ഫ ഫ വ ഠ-ൽ ഫര എണ്ണവും രാജിയായിട്ടുണ്ട്.

(എഫ്) ഒന്നുമില്ല.

(ജി) ഫ ഫ വ ഠ-ൽ ഫവ കേസ്സുകൾമാത്രം നിലവിലുണ്ട്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഫ ഫ ഫൻ-ൽ ന ൭ കേസുള്ളതിൽ വ ൪ കേസ്സു ചാജ്ജു ചെയ്ത എന്നു പറഞ്ഞിട്ടുണ്ട്. ബാക്കിയുള്ളതു എന്തു ചെയ്തു?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ബാക്കിയുള്ളതു ചാജ്ജുചെയ്തിട്ടുണ്ടായിരിക്കയില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: റഫർ ചെയ്തിട്ടുണ്ടൊ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: തെളിയാത്തതു റഫർ ചെയ്തിട്ടുണ്ടാവും.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അത്രത്തോളം അന്യായമായ ശക്തി ഉപയോഗിച്ചതുകൊണ്ടാണ് രാജി ആയതെന്നുപറയാമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഇല്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഏതെങ്കിലും ഒരാൾ ഒരധഃകൃതനെ അടിക്കുകയാണെങ്കിൽ അതു അധഃകൃത മർദ്ദനമായിട്ടുതീരുമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അടിച്ചകേസ്സാണെങ്കിൽ അതിൽ പെടും.

മിസ്റ്റർ കെ. കെ. കണ്ണൻ: രാജിയാകുന്ന കാര്യത്തിൽ പൊല്ലീസ്സു ഇടപെടുന്ന എന്നുള്ളതിനെ സംബന്ധിച്ചു ചില ആവലാതികൾ എനിക്കു കിട്ടീട്ടുണ്ട്. അതു മേലാൽ ഉണ്ടാകാതെ സൂക്ഷിക്കുമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ആവലാതി വന്നാൽ നോക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ചാർജ്ജു ചെയ്ത കേസ്സുകൾ കോടതിയിൽ വിസ്തരിക്കുന്നതു ആരാണു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: പ്രോസിക്യൂട്ടിങ്ങു് ഇൻസ്പെക്ടർ.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഹെഡ് കാൺസ്റ്റബിൾ കേസ്സു വിസ്തരിക്കുകയില്ലെ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: സ്റ്റേഷൻ ചാർജ്ജുണ്ടെങ്കിൽ ഹെഡ് കാൺസ്റ്റബിൾ വിസ്തരിക്കും.

മിസ്റ്റർ കെ. ടി. അച്ചുതൻ: ഈ കേസുകളെല്ലാം എല്ലാം താലൂക്കിലും കൂടിയുള്ളതാണോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: എല്ലാം കൂടിയുള്ളതാണു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: സാധാരണ ഒരാളെ അടിച്ചാൽ അതു മർദ്ദനത്തിൽ പെടുമൊ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: വാക്കിൽ അതും പെടും.

ചോ. മിസ്റ്റർ കെ. കൊച്ചുകുട്ടൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മേൻറു ദയവായി മറുപടി പറയുമോ:—

(എ) "കൊച്ചിയിൽ നരവേട്ടയോ" എന്ന തലവാചകത്തിൽ ഏതാനും മാസംമുമ്പു മുകുന്ദപുരം താലൂക്കിൽനിന്നും പുറത്തുവന്ന ഒരു ലഘുലേഖ ഗവർമ്മേണ്ടിൻെറ ദൃഷ്ടിയിൽ പെടുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ അതിൽ പറഞ്ഞിരുന്ന മർമ്മഭേദകങ്ങളായ സംഭവങ്ങളെപ്പറ്റി ഗവർമ്മണ്ടിൽനിന്നും ഒരു അന്വേഷണം നടത്തിയോ;

(സി) അന്വേഷണത്തിൻെറ ഫലമായി കുറ്റവാളികളായി ആരെങ്കിലും തെളിഞ്ഞിട്ടുണ്ടെങ്കിൽ അവരുടെ മേൽ എന്തു നടപടിയാണു് ഗവർമ്മേണ്ടു നടത്തീട്ടുള്ളതു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ:

(എ) ഉവ്വു്.

(ബി) ഉവ്വു്.

(സി) അന്വേഷണഫലമായി കോടതിയിൽ കേസ്സുകൾ ഫയലാക്കിയിട്ടുണ്ടു്. അവ വിചാരണയിൽ ഇരിക്കുകയാണു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: എത്ര പേരുടെ പേരിൽ കേസ്സു് ഫയൽ ചെയ്തിട്ടുണ്ടു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: നോട്ടീസ്സുവേണം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: കേസ്സു ഫയലാക്കീട്ടുണ്ടെന്നു പറഞ്ഞു. അതാരാണു് ചാർജ്ജു് ചെയ്തിട്ടുള്ളതു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: പൊല്ലീസ്സു ചാർജ്ജു് ചെയ്തിട്ടുള്ളതാണു്.

ചോ. മിസ്റ്റർ കെ. കെ. കണ്ണൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മേണ്ടിൽനിന്നും മറുപടി പറയുമോ.—

(എ) സമസ്ത കൊച്ചി പുലയ മഹാസഭയുടെ മുകുന്ദപുരം താലൂക്കു കമ്മിറ്റി പ്രസിഡണ്ടു് മിസ്റ്റർ കെ. കെ. അയ്യപ്പൻ ചെയർമാൻ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി പ്രസിദ്ധീകരിച്ചിട്ടുള്ള "കൊച്ചിയിൽ, നരവേട്ടയൊ" എന്ന ലഘുലേഖ ബഹുമാനപ്പെട്ട ഗവർമ്മേണ്ടിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ വിവരിച്ചിരിക്കുന്ന ഭയങ്കരമായ അധഃകൃതമർദ്ദനങ്ങൾ നടത്തിയിട്ടുള്ളവരുടെ പേരിൽ എന്തു നടപടികളാണു് ഗവർമ്മേണ്ടിൽനിന്നും എടുത്തീട്ടുള്ളതു്.

(ബി) മർദ്ദിക്കപ്പെട്ടവനായ നടത്തിരി സങ്കടനിവാരണാർത്ഥം ബഹുമാനപ്പെട്ടപോലീസ്സു് കമ്മീഷണർ, ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു് എന്നീ അധികൃതന്മാർക്കു ഹർജ്ജികൾ ബോധിപ്പിച്ചിട്ടുണ്ടെങ്കിൽ അവകൾ ഏതേതു തിയ്യതികളിലാണെന്നും തൽസംബന്ധമായ നടപടികൾ എതു നിലയിൽ ഇരിക്കുന്നുവെന്നും പറയുവാൻ ദയവുണ്ടാകുമോ;

(സി) അളർ നടന്ന പ്രസ്തുത മർദ്ദനങ്ങളെ തുടർന്നുള്ള അധികൃതന്മാരുടെ നടപടികളുടെ പ്രത്യാഘാതമെന്നോണം അവിടെ ഭവനകയ്യേറ്റം, പുര തീവെപ്പു്, കല്ലേറുകൾ മുത

LIBRARY ARCHIVES Kerala Legislative Assembly

ലായ നീചവും നിഷ്ഠുരവുമായ മർദ്ദനങ്ങൾ പിന്നേയും നടന്നിട്ടുള്ള വിവിരം ഗവർമ്മേണ്ടിന്നറിയാമോ; ഉണ്ടെങ്കിൽ ഈ മർദ്ദനങ്ങളെ അമർത്തുന്നതിന്നും സമാധാനം സ്ഥാപിക്കുന്നതിന്നും അധികൃതന്മാർ പിന്നീട് എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം;

(ഡി) ഇപ്പോൾ ആളൂരിലെ പരിതസ്ഥിതി ഏതുനിലയിൽ ഇരിക്കുന്നു?

മിസ്റ്റർ കെ. എസ്സ്. രാഘവൻ:

(എ) ഉവ്വ്. ആക്ഷേപങ്ങളെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ട്. അവയെ സംബന്ധിച്ചു രണ്ടു കേസ്സുകൾ കോടതിയിൽ വിചാരണയിൽ ഇരിക്കുകയാണ്.

(ബി) ഹർജ്ജികൾ കിട്ടിയിട്ടില്ല പക്ഷെ പോലീസ്സ് ആക്ഷേപം കിട്ടിയപ്പോൾ അന്വേഷിക്കുകയും മേൽ നടപടികൾ എടുക്കുകയും ചെയ്തു. കേസ്സുകൾ കോടതിയിൽ വിചാരണയിൽ ഇരിക്കുകയാണ്.

(സി) ഇല്ല.

(ഡി) ഇപ്പോൾ അവിടെ സമാധാനപരമായ പരിതസ്ഥിതിയാണുള്ളതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഭീഷണികളുടെ ഫലമായിട്ടുണ്ടെന്നു എനിക്കറിയുവാൻ സാധിച്ചിട്ടുണ്ടു്. ഇല്ലെന്നു പറയുന്നതു ശരിയല്ലെന്നാണു എന്റെ അന്വേഷണത്തിൽ അറിയുന്നതു്. അതുകൊണ്ടു് ഗവർമ്മെണ്ടിൽനിന്നു് ഇതിനെക്കുറിച്ചു് അന്വേഷിക്കാമൊ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: പൊലീസ്സിനു ഹർജികൊടുത്താൽ അന്വേഷിക്കും.

മിസ്റ്റർ കെ. കെ. കണ്ണൻ: ഡിവിഷ്യൻ ഇൻസ്പെക്ടരെ അറിയിച്ചിട്ടുണ്ടെന്നാണു് എന്റെ അറിവു്.

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഹർജി കൊടുത്തിട്ടുണ്ടൊ?

മിസ്റ്റർ കെ. കെ. കണ്ണൻ: ഹർജി കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. രാഘവൻ: എന്നാൽ അന്വേഷിക്കാം.

റാവുസാഹിബ് കെ. അയ്യപ്പൻ: അധഃകൃതരുടെ ഹർജിയെക്കുറിച്ചു അന്വേഷിക്കുന്നതിനുപോലീസ്സ് കുറെ അമാന്തം കാണിച്ചു എന്നുള്ളതു് ഗവർമ്മെണ്ടിനു അറിയാമോ?

മിസ്റ്റർ കെ. എസ്സ് രാഘവൻ: അവർ അമാന്തം കാണിക്കുന്നതല്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അധഃകൃതർ, പോലീസ്സുകാർ കേസ്സന്വേഷിക്കുന്നതിനു വേണ്ട പ്രേരകശക്തി ഉണ്ടാക്കുവാൻ സാധിക്കാത്തവരാണെന്നു ഗവർമ്മെണ്ടിന്നറിയാമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഹർജി കൊടുത്താൽ പ്രേരകശക്തിയായി.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അധഃകൃതർ സ്വാധീന ശക്തിയില്ലാത്തവരായതുകൊണ്ടു അവരുടെ കേസ്സിനു തെളിവില്ലാതെ വരുകയില്ലെ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: തെളിവ് കിട്ടുന്നുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: കേസ്സന്വേഷിക്കുന്നതു് ആരാണ്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: കേസ്സന്വേഷിക്കുന്നതു് സ്റ്റേഷൻ ചാർജ്ജുള്ള ആളാണ്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: കേസ്സന്വേഷിക്കുന്നതിനും വെറും കോൺസ്റ്റബിളിനെ ഏല്പിക്കുന്നുണ്ടെന്നു അറിയാമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: കാൺസ്റ്റബിൾ കേസ്സന്വേഷണം നടത്താറില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ കേസ്സുകളിൽ അധികം കേസ്സും ഏതു ജാതിക്കാരിൽനിന്നാണെന്നു പറയാമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: നോട്ടീസ്സു വേണം.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇതിലെ പ്രതികൾ ഏതുജാതിക്കാരാണെന്നു പറയാമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: നോട്ടീസ്സു വേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഇങ്ങിനേയുള്ള കേസ്സന്വേഷിച്ചിട്ടു അതു തെറ്റായിട്ടുള്ളതാണെന്നു വല്ല റിപ്പോർട്ടും ഗവർമ്മെണ്ടിനു കിട്ടീട്ടുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഇവിടെ കിട്ടീട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഒരധഃകൃതനും ഒരു നമ്പൂരിയും പോലീസിലേക്ക കൊടുക്കുന്ന ഹര്ജ്ജി ഒരുപോലെയല്ലെ അനേഷിക്കുന്നതു?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഒരുപോലെയാണ്.

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : അധഃകൃതരുടെ കേസ്സനേഷണത്തിൽ പൊല്ലീസിനെ സഹായിക്കുവാൻ അതു അനേഷിച്ച റിപ്പോട്ട് ചെയ്യുന്നതിനു അപ്പ്ലിഫ്ട് ഇൻസ്പെക്ടർമാരെ ഏല്പിക്കുന്നതു നല്ലതല്ലേ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അപ്പ്ലിഫ്ട് ഇൻസ്പെക്ടർമാർ പൊല്ലീസിനെ കേസ്സനേഷണത്തിൽ ഹെൽപ്പ ചെയ്യണമെന്ന കല്പനയുണ്ട്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : പെറിഷ്യൻ എൻകയറി അപ്പ്ലിഫ്ട് ഇൻസ്പെക്ടർമാർ ചെയ്യേണ്ട ആവശ്യമില്ലെന്ന കല്പനയായിട്ടില്ലെ ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ : അവർ അനേഷിക്കേണ്ട എന്ന കല്പനയുണ്ട്. പോലീസാണ് അനേഷണം നടത്തുന്നതു .

മിസ്റ്റർ എം. ശിവരാമമേനോൻ : കോടതിയിൽ പോയാൽ തെളിവുകിട്ടണമെങ്കിൽ പെറിഷൻ എൻകയറി രണ്ടാളുകൂടി നടത്താതിരിക്കുകയാണ് നല്ലതു. രണ്ടുപേർ അനേഷിച്ചാൽ രണ്ടാളേയും വിസ്തരിക്കണം. അങ്ങിനെ വിസ്തരിക്കുമ്പോൾ രണ്ടാളും വ്യത്യസ്ത രീതിയിൽ വിസ്തരിക്കപ്പെടുവാൻ ഇടയാകും. അതുകൊണ്ടാണ് പൊലീസുമാത്രം അനേഷിച്ചു റിപ്പോട്ട് ചെയ്താൽ മതിയെന്ന തീർച്ചയാക്കിയതു. എന്നാൽ പൊല്ലീസിനെ അപ്പ്ലിഫ്ട് ഇൻസ്പെക്ടർമാർ സഹായിക്കണമെന്നുണ്ട്.

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : ഇൻസ്പെക്ടർമാരുടെ എൻകയറികൊണ്ടു വന്നിട്ടുള്ള അനുഭവങ്ങൾ ഗവമ്മെണ്ടു് അഡ്വക്കേറ്റ പറഞ്ഞതുപോലെയായിരുന്നുവോ ?

മിസ്റ്റർ എം. ശിവരാമമേനോൻ : റിക്കാർഡുകൾ അങ്ങിനെയാണ്.

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : രണ്ടുപേരുടേയും അഭിപ്രായം ഒരു കേസ്സനേഷണത്തെ സംബന്ധിച്ചിടത്തോളം ഏകാഭിപ്രായമായിരിക്കുകയില്ലെ ?

മിസ്റ്റർ എം. ശിവരാമമേനോൻ : രണ്ടുപേരുണ്ടെങ്കിൽ അഭിപ്രായം രണ്ടുവഴിക്ക തിരിയുവാൻ ഇടയുണ്ട്.

Mr. K. T. Achyuthan *(Ezhuvas-Mukundapuram):* May I know how many applications from ladies were received?

Mr. C. J. Mathew *(Joint Secretary to Government):* I think there were 3 applications from ladies.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether any of the lady applicants are related to Government servants?

Mr. C. J. Mathew *(Joint Secretary to Govornent):* I want notice.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* May I know why the Government gave up the policy of joint enquiry?

Mr. C. J. Mathew *(Joint Secretary to Government):* As a matter of fact there was a discussion between the Protector of the Depressed Classes, the Police Commissioner and the Government and it was finally decided that a joint enquiry was not necessary.

Rao Sahib K. Ayyppan *(Ezhuvas-Kanayannur):* Why?

Mr. C. J. Mathew *(Joint Secretary to Government):* Because it is better to leave these enquiries in the hands of the police alone.

Rao Sahib K. Ayyappan *(Ezuvas-Kanayannur):* In the interests of the Depressed Class victims?

Mr. C. J. Mathew *(Joint Secretary to Government):* Yes. It was also ordered that the Depressed Class Inspectors should go and render necessary help to the police to conduct the enquiry.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* May I know whether it was the view held by the Protector of the Depressed Classes ?

Mr. C. J. Mathew *(Joint Secretary to Government):* It was not his view.

Rao Sahib K. Ayyappan *(Ezhuvas-Kanayannur) :* Was it not the view held by the Police Department?

Mr. C. J. Mathew *(Joint Secretary to Government):* Yes, and by the Government.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* May I know whether this was not after the Police Department came up with proposals to stop joint enquiries?

LIBRARY ARCHIVES Kerala Legislative Assembly

Mr. C. J. Mathew *(Joint Secretary to Government)* : After discussion with the Protector and the Police Commissioner it was decided that there was no necessity for any joint enquiry.

Rao Sahib K. Ayyappan *(Ezhuvas-Kanayannur)* : May I know whether in these matters the Protector of the Depressed Classes was not the proper person to give an opinion?

Mr. C. J. Mathew *(Joint Secretary to Government)*: Misarguments appeared to be of a sentimental nature; he thought the police would not extend to him full co-operation and that they would not investigate the cases properly. Government found as a matter of fact that it was not so.

Rao Sahib K. Ayyappan *(Ezhuvas-Kanayannur)* : Is it the position of the Government that the Protector was merely sentimental?

Mr. C. J. Mathew *(Joint Secretary to Government)*: Perhaps he was over anxious. His views were not correct.

Rao Sahib K. Ayyappan *(Ezhuvas-Kanayannur)* : Why was it not correct?

Mr. C. J. Mathew *(Joint Secretary to Government)* : He was not able to prove that the police neglected the enquiries in any respect.

Rao Sahib K. Ayyappan *(Ezhuvas-Kanayannur)* : He was the man, Sir, entrusted with the protection of the Depressed Classes and he is expected to know their difficulties and to have better experience about them.

Mr. President: Order, order, that is a matter of opinion.

Mr. P. Kumaran Ezhuthassan *(Vadakkancheri)* : May I know whether there has been any instance of contradictory reports being submitted one by Depressed Class Inspector and other by the police?

Mr. K. S. Raghavan *(Joint Secretary to Government)* : I want notice.

FISHING—LANDS WITH VERUMPATTAMDARS—DELAY IN ISSUING LICENSES

ൟ൭൬. മിസ്റ്റർ എം. കെ. വഗ്ഗീസ്സ് :

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മേണ്ടു സദയം മറുപടി പറയുമൊ.—

(എ) വെറുമ്പാട്ടക്കുടിയാന്മാരുടെ കൈവശമുള്ള നിലങ്ങളിൽനിന്നു മത്സ്യം പിടിക്കുന്നതിനു യഥാകാലം ലൈസൻസു കിട്ടാത്തതുമൂലം കുടിയാന്മാർ അനുഭവിക്കേണ്ടിവരുന്ന കഷ്ടനഷ്ടങ്ങളെ വിവരിച്ചു് "ഒരു നിലമുടസ്ഥൻ" ൟ ൟ൨ ൦ വൃശ്ചികം ൩-ാംനു-യിലെ "മലബാർമെയിൽ" പത്രത്തിൽ എഴുതിയിട്ടുള്ള ലേഖനം ഗവർമ്മേണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടൊ;

(ബി) ആ ലേഖനത്തിൽ പറയുന്ന വിഷമതകളും പരിഹരിക്കുന്നതിലേക്കായി ഗവർമ്മേണ്ടു സ്വീകരിച്ചിട്ടുള്ള നടപടികളും എന്തൊക്കെയാണു്?

മിസ്റ്റർ എ. മാധവപ്രഭു :

(എ) ഉവ്വു്.

(ബി) ലേഖനത്തിൽ പറയുന്ന വിഷമതകളും പരിഹരിക്കുന്നതിനു ഫിഷറി ആക്ടിലെ വ്യവസ്ഥകളുംതന്നെ പര്യാപ്തങ്ങളാകയാൽ പുതിയ നടപടികളും ഒന്നും സ്വീകരിക്കേണ്ടതായി വന്നിട്ടില്ല.

മിസ്റ്റർ എം. കെ. വഗ്ഗീസ്സ് : വെറുമ്പാട്ടക്കുടിയാന്മാരുടെ കൈവശമുള്ള ഭൂമിയിൽ നിന്നു മത്സ്യം പിടിക്കണമെങ്കിൽ ജന്മിയുടെ അനുവാദം വേണമെന്നുണ്ടോ ?

മിസ്റ്റർ എ. മാധവപ്രഭു : ഇല്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri)* : May I know who is the authority who grants these licenses?

Mr. A. Madhava Prabhu *(Diwan Peishkar)* : The Diwan Peishkar.

മിസ്റ്റർ എം. കെ. വഗ്ഗീസ്സ് : സാധാരണയായി നിലത്തിൽനിന്നു മത്സ്യം പിടിക്കുന്നതു് ഏതേതിയ്യതി മുതല്ലാണെന്നു ഗവമ്മെണ്ടിന്നറിയാമോ ?

മിസ്റ്റർ എ. മാധവപ്രഭു: വൃശ്ചികം ൩ ൧-ാംനു- മുതൽ മീനം ൩ ൦-ാംനു-വരെയാണു്.

മിസ്റ്റർ എം. കെ. വഗ്ഗീസ്സ് : എന്നാണു് ലൈസൻസ്സിനു അപേക്ഷ കൊടുക്കേണ്ടതു?

മിസ്റ്റർ എ. മാധവപ്രഭു: തുലാം ൩ ൦-ാംനു-ക്കുമുമ്പു അപേക്ഷ കൊടുക്കണം.

മിസ്റ്റർ പി. നാരായണമേനോൻ : കൃഷിസ്ഥലം മത്സ്യം പിടിക്കുന്നതിനു ലേലം ചെയ്തുകൊടുക്കുന്നതു കൃഷിക്കു ദോഷമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly